തെങ്കര ഗ്രാമപഞ്ചായത്തിലെ 9–ാം വാർഡിൽ പ്രവർത്തിക്കുന്ന പ്രതീക്ഷ കുടുംബശ്രീക്ക് വേണ്ടി കുടുംബശ്രീ യൂണിറ്റിലെ അംഗങ്ങൾ മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി അവർകൾക്ക് നൽകുന്ന വായ്പ കരാർ.

മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്കിൽ കഴിഞ്ഞ 8 വർഷമായി വായ്പ–നിക്ഷേപ ഇടപാടുകൾ നടത്തി വരുന്ന പ്രതീക്ഷ കുടുംബശ്രീയിലെ അംഗങ്ങൾ കേരള സർക്കാർ സഹകരണ വകുപ്പിലൂടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ ***മുറ്റത്തെ മുല്ല*** ലഘു ഗ്രാമീണ വായ്പ എടുക്കുന്നതിന് ............–ാം തീയ്യതി ചേർന്ന കുടുംബശ്രീ യൂണിറ്റിന്റെ .......–ാം നമ്പർ യോഗ തീരുമാന പ്രകാരം തീരുമാനിച്ചിട്ടുള്ളതും ആയതിന് ബാങ്കിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതുസംബന്ധമായി താഴെ പറയുന്ന നിബന്ധനകൾ പാലിക്കുന്നതാണെന്ന് ഞങ്ങൾ ബാങ്കിനെ ഉത്തമവിശ്വാസപ്പെടുത്തുന്നു.

**നിബന്ധനകൾ:**

1. ബാങ്കിൽ നിന്നും അനുവദിക്കുന്ന 10 ലക്ഷം രൂപയുടെ ക്യാഷ് ക്രെഡിറ്റ് വായ്പ ഒരു വർഷം കാലാവധിയിൽ 9% പലിശ നിരക്കിൽ കൃത്യമായി തിരിച്ചടക്കുന്നതാണ്.
2. ഞങ്ങളുടെ കുടുംബശ്രീ യൂണിറ്റായ പ്രതീക്ഷാ കുടുംബശ്രീയിലെ അംഗങ്ങൾക്കോ, അവരുടെ അടുത്ത ബന്ധുക്കൾക്കോ വായ്പ നൽകുന്നതിന് ഈ തുക ഉപയോഗിക്കുന്നതല്ല.
3. തെങ്കര ഗ്രാമപഞ്ചായത്തിലെ 9–ാം വാർഡിലെ ....... വീട്ടുനമ്പർ മുതലുള്ള ...... നമ്പർ വീട് വരെയുള്ള പ്രദേശ വാസികൾക്ക് 1,000/– രൂപ മുതൽ 25,000/– രൂപ വരെ ***മുറ്റത്തെ മുല്ല*** ലഘു ഗ്രാമീണ വായ്പ ഉപനിബന്ധന പ്രകാരം വായ്പ നൽകുന്നതിനു മാത്രമേ വിനിയോഗിക്കുകയുള്ളു.
4. വായ്പയുടെ പ്രതിവാര തിരിച്ചടവ് ഞങ്ങളുടെ കുടുംബശ്രീ യൂണിറ്റ് ഉറപ്പു വരുത്തുന്നതും ഇതുസംബന്ധമായ കണക്കുകൾ ലെഡ്ജർ, രജിസ്റ്റർ, വൗച്ചർ മുതലായ രേഖകൾ കൃത്യമായി എഴുതിസൂക്ഷിക്കുകയും ചെയ്യുന്നതാണ്.
5. വായ്പകൾക്ക് 12% മാത്രം പലിശ ഈടാക്കുന്നതും, 5,000/– രൂപ വരെയുള്ള വായ്പകൾക്ക് 50 രൂപയും അതിനു മുകളിലുള്ള വായ്പകൾക്ക് 100 രൂപയും മാത്രം കൈകാര്യച്ചിലവായി ഈടാക്കുന്നതുമാണ്. 12% പലിശ നിരക്കിൽ അധികരിച്ചോ, നിശ്ചിത കൈകാര്യ ചിലവിൽ അധികരിച്ചോ യാതൊരു സംഖ്യയും വായ്പക്കാരിൽ നിന്നും ഈടാക്കുന്നതല്ല..
6. ബാങ്കിൽ നിന്നും അനുവദിക്കുന്ന ***മുറ്റത്തെ മുല്ല*** ക്യാഷ് ക്രെഡിറ്റ് മുകളിൽ പരാമർശിച്ച പ്രകാരം വായ്പ നൽകുന്നതിനു മാത്രമേ ഉപയോഗിക്കുകയുള്ളു. കുടുംബശ്രീയിൽ നിന്ന് പ്രദേശവാസികൾക്ക് നൽകിയ വായ്പ തുകയും, ബാങ്കിൽ നിന്ന് പിൻവലിച്ച ക്യാഷ് ക്രെഡിറ്റ് തുകയും എല്ലാ ആഴ്ച്ചയിലും കൃത്യമായി തുലനം ചെയ്ത് ബന്ധപ്പെട്ട കണക്കുകൾ ബാങ്കിൽ സമർപ്പിക്കുന്നതാണ്.

Mannarkad Rural SCB

7. വായ്പയുമായി ബന്ധപ്പെട്ട എല്ലാ കണക്കുകളും ആവശ്യപ്പെടുന്ന മുറക്ക് ബാങ്കിൽ ഹാജരാക്കുന്നതും ആവശ്യമുള്ള സമയങ്ങളിലെല്ലാം ബാങ്കിന് പരിശോധന നടത്താവുന്നതുമാണ്.
8. വായ്പ എടുക്കുന്ന വ്യക്തിക്ക് ഏതെങ്കിലും മാരകരോഗം ബാധിച്ച് തിരിച്ചടവ് മുടങ്ങുന്ന സന്ദർഭത്തിലോ, മരണം സംഭവിച്ച് തിരിച്ചടവ് മുടങ്ങുന്ന സാഹചര്യത്തിലോ, മറ്റെന്തെങ്കിലും കാരണം കൊണ്ട് 3 മാസത്തിലധികം തിരിച്ചടവ് മുടങ്ങുന്ന സാഹചര്യത്തിലോ അത്തരം വായ്പക്കാരെയോ, അവരുടെ ബന്ധുക്കളെയോ ബാങ്കിന്റെ വായ്പക്കാരാക്കി മാറ്റി കുടുംബശ്രീ യൂണിറ്റിലെ വായ്പാകണക്ക് ഭർത്തിയാക്കുന്നതാണ്.
9. വായ്പ നൽകുന്നതിന് ആവശ്യമായ തുക മാത്രമേ അതാത് സമയങ്ങളിൽ നിന്നും ബാങ്കിൽ നിന്ന് പിൻവലിക്കുകയുള്ളു.
10. വായ്പാതിരിച്ചടവായി ലഭിക്കുന്ന തുക അതാതു ദിവസങ്ങളിൽ തന്നെ ക്യാഷ് ക്രെഡിറ്റ് അക്കൗണ്ടിലേക്ക് തിരിച്ചടക്കുന്നതാണ്.
11. വായ്പക്കാരുടെ തിരിച്ചടവ് ശേഷി തുടങ്ങിയ കാര്യങ്ങളെല്ലാം പരിശോധിച്ച് ബോധ്യപ്പെട്ടതിനു ശേഷം മാത്രമേ വായ്പ നൽകുകയുള്ളു.
12. വായ്പക്കാരന്റെ തിരിച്ചറിയൽ രേഖകളൊഴികെ മറ്റൊരു ഈടും വായ്പക്കാരനോട് ആവശ്യപ്പെടുന്നതല്ല.
13. ***മുറ്റത്തെ മുല്ല*** വായ്പാ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് ഞങ്ങൾ കൂട്ടായി പരിശ്രമിക്കുന്നതും എല്ലാ യോഗങ്ങളിലും പ്രവർത്തനപുരോഗതി അവലോകനം ചെയ്യുന്നതുമാണ്.
14. ബാങ്കിൽ നിന്നും അനുവദിക്കുന്ന 10 ലക്ഷം രൂപയുടെ ക്യാഷ് ക്രെഡിറ്റ് പരിധി ഏതെങ്കിലും വിധത്തിൽ ദുരുപയോഗം ചെയ്തോ മറ്റെന്തെങ്കിലും ആവശ്യത്തിനു വിനിയോഗിക്കുകയോ ചെയ്ത് വായ്പ കുടിശ്ശികയയി ബാങ്കിന് ഇക്കാര്യത്തിൽ എന്തെങ്കിലും കഷ്ടനഷ്ടങ്ങൾ സംഭവിച്ചാൽ ആയതിന് ഞങ്ങളും ഞങ്ങളുടെ സ്വത്തുക്കളും ഒറ്റക്കും കൂട്ടായും ബാധ്യസ്ഥമായിരിക്കും
15. മുറ്റത്തെ മുല്ല വായ്പ പദ്ധതി സംബന്ധിച്ച സഹകരണ സംഘം രജിസ്ട്രാർ അവർകളുടെ 22-06-2018 തീയ്യതിയിലെ 33/2018-ാം നമ്പർ സർക്കുലർ നിബന്ധനകൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ഞങ്ങളുടെ പ്രവർത്തനപരിധിയിൽ വട്ടിപ്പലിശക്കാരുടെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ ഞങ്ങൾ ഓരോരുത്തരം ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യുന്നതാണ്.

Mannarkkad Rural SCB